# വയനാട്ടിൽ പുതിയ കാർഷിക കോളജ് സ്ഥാപിക്കാൻ തീരുമാനം

Malayala Manorama-24-02-2018-p-02

മണ്ണുത്തി● വയനാട്ടിലെ അമ്പലവയലിൽ പുതിയ കാർഷിക കോളജ് സ്ഥാപിക്കാൻ കാർഷിക സർവകലാശാല അക്കാദമിക് കൗൺസിൽ തീരുമാനിച്ചു. നിലവിലുള്ള കാർഷിക കോളജുകളിൽ സീറ്റ് വർധിപ്പിക്കും. ഉത്തരകടലാസ് പുനഃപരിശോധനയ്ക്കും പുനർ മൂല്യ നിർണയത്തിനും അഡീഷനൽ സെമസ്റ്റർ റജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ് കുറയ്ക്കുക, പിജി, പിഎച്ച്ഡി വിദ്യാർഥികൾക്കുള്ള ധനസഹായം വർധിപ്പിക്കുക, അക്കാദമിക് കലണ്ടർ ഏകീകരിക്കുക, പിജി പരീക്ഷ പുനഃക്രമീകരിക്കുക എന്നീ ആവശ്യങ്ങൾ പരിശോധിക്കാൻ ഉപസമിതികളെ നിയോഗിച്ചു.

വയനാട്ടിൽ ആരംഭിക്കുന്ന കാർഷിക കോളജ് കൃഷി ശാസ്ത്ര പഠനത്തിനും ഗവേഷണത്തിനും കൂടുതൽ അവസരങ്ങൾ നൽകുകയും വയനാടിന്റെ വികസനത്തിനു വഴിതെളിയിക്കുമെന്നും യോഗത്തിൽ അധ്യക്ഷത വഹിച്ച വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു പറഞ്ഞു. റജിസ്ട്രാർ ഡോ.എസ്. ലീനകുമാരി, ഫാക്കൽട്ടി ഡീൻമാരായ ഡോ.എ. അനിൽകുമാർ, ഡോ. കെ. വിദ്യാസാഗരൻ, ഡോ. ശാന്തി മേരി മാത്യു, വിജ്ഞാനവ്യാപന ഡയറക്ടർ ഡോ. ജിജു പി.അലക്സ്, വിദ്യാർഥി ക്ഷേമ ഡയറക്ടർ ഡോ. ടി.ഐ. മനോജ്, ഡോ.എം. ജോയ്, ഡോ.എ.വി. സന്തോഷ് കുമാർ, ശിവജി, അഖിൽ അജിത്, അർച്ചന ഉണ്ണികൃഷ്ണൻ, എം. ഹേന എന്നിവർ പ്രസംഗിച്ചു.